"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഹഡ്കോ വായ്പ 1500 കോടി രൂപ - ഗ്രാമപഞ്ചായത്തുകൾക്ക് കെ.യു.ആർ.ഡി.എഫ്.സി യുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകികൊണ്ട്, ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തേണ്ട മാതൃക ഫോറവും, ഗ്രാമപഞ്ചായത്തും കെ.യു.ആർ.ഡി.എഫ്.സിയുമായി ഒപ്പ് വയ്ക്കേണ്ട കരാർ മാതൃകയും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2630/2025/LSGD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം. 155/2025/തസ്വഭവ തീയതി 21/08/2025
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/10/2025 ലെ ലൈഫ് 2020/എൽ.എം6/പ്രോജക്ട്/2020-21 നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് പദ്ധതി പ്രകാരം, നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള 1,27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനു 1100 കോടി രൂപയും, ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ ആകെ 1500 കോടി രൂപ, സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പയെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഹഡ്കോ-യിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പയെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക്, ഗ്രാമപഞ്ചായത്തുകളും കെ.യു.ആർ.ഡി.എഫ്.സിയും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതു ള്ളതിനാൽ ഗ്രാമപഞ്ചായത്തുകൾ കെ.യു.ആർ.ഡി.എഫ്.സി യുമായി കരാറിൽ ഒപ്പ് വയ്ക്കുന്നതിന് അനുമതി നൽകുന്നതിനും, ഒപ്പുവെയ്ക്കേണ്ട കരാറിന്റെ മാതൃക, ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ മാതൃക എന്നിവ അംഗീകരിച്ച് നൽകുന്നതിനുമുള്ള ശിപാർശ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2)

പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ലൈഫ് ഭവന പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് കെ.യു.ആർ.ഡി.എഫ്.സി യുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകികൊണ്ട്, ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തേണ്ട മാതൃക ഫോറവും, ഗ്രാമപഞ്ചായത്തും കെ.യു.ആർ.ഡി.എഫ്.സിയുമായി ഒപ്പു വയ്ക്കേണ്ട കരാർ മാതൃകയും യഥാക്രമം അനുബന്ധം 1,2 ആയി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, പാളയം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും( പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 01-11-2025 16:46:59

സെക്ഷൻ ഓഫീസർ

## അനുബന്ധം(1)

**ഗ്രാമപഞ്ചായത്തിന് മാത്രം**

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി**

**ഹഡ്കോ വായ്പയെടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം രേഖപ്പെടുത്തേണ്ടതിന്റെ മാതൃക**

……………………..ജില്ലയിലെ………………………………ഗ്രാമപഞ്ചായത്തിന്റെ…

…………………………തീയതിയിൽ നടന്ന സാധാരണ/ അടിയന്തിര യോഗത്തിലെ

………………..നമ്പർ തീരുമാനം

**അജണ്ട** : ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോ-യിൽ നിന്നും വായ്പയെടുക്കുന്നതും വായ്പയുടെ മുതൽ വികസന ഫണ്ടിൽ നിന്നും തിരിച്ചടക്കുന്നതും സംബന്ധിച്ച്.

**തീരുമാനം**: ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ലൈഫ് ലിസ്റ്റിൽ പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും ആവശ്യമായ തുക കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോ-യിൽ നിന്നും വായ്പയെടുക്കുന്നതിനും 2026-27 മുതൽ ലഭിക്കുന്ന വികസന ഫണ്ടിൽ നിന്നും 15 വർഷമായി ടി വായ്പയുടെ മുതൽ തിരിച്ചടയ്ക്കുന്നതും സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.

ലൈഫ് ഭവനപദ്ധതിയിൽ കരാറിലേർപ്പെട്ട് ഭവനനിർമ്മാണ പുരോഗതിയിലുള്ള ഗുണഭോക്താക്കൾക്കും കരാറിലേർപ്പെടാൻ അവശേഷിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്കും സർക്കാരിന്റെ 21.08.2025-ലെ സ.ഉ.(കൈ) നം.155/2025/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനാവശ്യമായ വായ്പാ തുകയുടെ വിവരം ചുവടെചേർക്കുന്നു.

| ഭവനനിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ പൂർത്തീകരണത്തിന് ആവശ്യമായ തുകയുടെ വിവരം | കരാറിലേർപ്പെടാൻ അവശേഷിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് ആവശ്യമായ തുകയുടെ വിവരം | ആകെ തുക | 2025-26-ൽ ത്രിതല ഗ്രാമപഞ്ചായത്തുകളുടെ വിഹിതമിനത്തിൽ ലഭ്യമാകുന്ന ആകെ തുക (ഗ്രാമ/ ബ്ലോക്ക്/ജില്ല) | വായ്പയായി കണ്ടെത്തേണ്ട തുക (ഒരു ഗുണഭോക്താവിന് പരമാവധി 2 ലക്ഷം രൂപ) |
|---|---|---|---|---|

| | | | | | | | 6-7 |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| ജനറൽ (എണ്ണം x 4 ലക്ഷം രൂപ) | പട്ടിക ജാതി (എണ്ണം x 4 ലക്ഷം രൂപ) | പട്ടികവർഗ്ഗം (എണ്ണം x 4/6 ലക്ഷം രൂപ) | പട്ടികജാതി (എണ്ണം x 4 ലക്ഷം രൂപ) | പട്ടികവർഗ്ഗം (എണ്ണംx4/6 ലക്ഷം രൂപ) | | | |
| | | | | | | | |

..............................ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും കരാറിലേർപ്പെടാൻ അവശേഷിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും ആവശ്യമായ തുക ഹഡ്കോ-യിൽ നിന്നും വായ്പയെടുക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി-യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇത്തരത്തിൽ കെ.യു.ആർ.ഡി.എഫ്.സി ലഭ്യമാക്കുന്ന വായ്പ തുകയുടെ മുതൽ തിരിച്ചടവ് ഗ്രാമപഞ്ചായത്തിന് 2026-27 മുതൽ സർക്കാർ അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും 15 വർഷം കൊണ്ട് ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിയും തീരുമാനിച്ചു.

(ഒപ്പ്)

പ്രസിഡന്റ്

ശരി പകർപ്പ്

(ഒപ്പ്)

സെക്രട്ടറി

ഓഫീസ് സീൽ

## അനുബന്ധം(2)

2025- ആണ്ട് ...............മാസം ............തീയതി വഴുതക്കാട് ട്രാൻസ് ടവർ 5-ാം നിലയിൽ പ്രവർത്തിക്കുന്ന കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനു വേണ്ടി മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. ഒന്നാം കക്ഷിയായും

........................................ ജില്ലയിൽ ............................ ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി രണ്ടാം കക്ഷിയായും ചേർന്ന് സമ്മതപ്രകാരം ഉണ്ടാക്കിയ കരാർ ഉടമ്പടി.

ഒന്നാം കക്ഷിയായ കെ.യു.ആർ.ഡി.എഫ്.സി. കേരളത്തിലെ നഗര ഗ്രാമ വികസനം ലക്ഷ്യമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി വരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. 'എല്ലാവർക്കും ഭവനം' എന്ന കേരള സർക്കാരിന്റെ ലൈഫ് ഭവനപദ്ധതിയുടെ നടത്തിപ്പിലേക്കായി ഹഡ്കോയിൽ നിന്നും വായ്പ എടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് കെ.യു.ആർ.ഡി.എഫ്.സി.യെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പം ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും കരാറിലേർപ്പെടാൻ അവശേഷിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും ആവശ്യമായ 1500 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പ എടുത്ത് ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതിനും 21.08.2025-ലെ സ.ഉ.(കൈ) നം. 155/2025/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ കെയു.ആർ.ഡി.എഫ്.സി.ക്ക് അനുമതി നൽകിയിട്ടുണ്ട്.

ഹഡ്കോയിൽ നിന്നും ലഭ്യമാകുന്ന വായ്പ രണ്ടാം കക്ഷിക്ക് താഴെപ്പറയുന്ന കരാർ

നിബന്ധനകൾക്ക് അനുസൃതമായി കൈമാറുന്നതാണ്.

<u>കരാർ പ്രകാരമുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു</u>

1 ........................................... ജില്ലയിലെ ........................................... ഗ്രാമപഞ്ചായത്തിന്റെ ................................ തീയതിയിലെ ......................................... നമ്പർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതി പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഭവനനിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ പൂർത്തീകരണത്തിനും ലൈഫ് ലിസ്റ്റിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുമായി ഒരു ഗുണഭോക്താവിന് പരമാവധി 2 ലക്ഷം രൂപ എന്ന നിരക്കിൽ നൽകുന്നതിനാവശ്യമായ തുക ഒന്നാം കക്ഷി വായ്പയായി രണ്ടാം കക്ഷിക്ക് നൽകേണ്ടതാണ്.

2.ലൈഫ് മിഷൻ ഭവനപദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ ഉത്തരവുകൾക്കനുസൃതമായി ലൈഫ് മിഷൻ നിർദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്ക് ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് നൽകുന്ന വായ്പ വിഹിതം വിനിയോഗിക്കേണ്ടതാണ്.

3.ലൈഫ് പദ്ധതിയുടെ ഗുണഭോക്താവ് കുടുംബത്തിലെ സ്ത്രീ അംഗമായിരിക്കണമെന്ന് കരാർ പ്രകാരം രണ്ടാം കക്ഷി ഉറപ്പുവരുത്തേണ്ടതാണ്. സ്ത്രീ അംഗം ഇല്ലാത്തപക്ഷം കുടുംബത്തിലെ മുതിർന്ന പുരുഷനായിരിക്കും പദ്ധതി പ്രകാരം ഗുണഭോക്താവ്.

4.രണ്ടാം കക്ഷി ഗുണഭോക്താവുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതും, ഭവനനിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും പരിശോധന നടത്തി ലൈഫ് മിഷന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രവർത്തന റിപ്പോർട്ട് നൽകേണ്ടതാണ്.

5. രണ്ടാം കക്ഷിയ്ക്ക് ലഭ്യമാകുന്ന പദ്ധതി വിഹിതത്തിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം 15 വർഷക്കാലം ഘട്ടം ഘട്ടമായി ഈടാക്കുന്ന തുക ഒന്നാം കക്ഷി വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ ഹഡ്കോയ്ക്ക് അടവാക്കുന്നതാണ്.

6.വായ്പയുടെ വ്യവസ്ഥപ്രകാരം ഗ്യാരന്റി കമ്മീഷൻ നൽകുവാൻ രണ്ടാം കക്ഷി ബാദ്ധ്യസ്ഥനായിരിക്കും.

7. ഒന്നാം കക്ഷി നിർദ്ദേശിക്കുന്ന നിബന്ധനകളും ഉത്തരവുകളും രണ്ടാം കക്ഷി അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്.

8.ഏതെങ്കിലും കാരണത്താൽ കരാറിൽ പറയുന്ന നിബന്ധനകളിൽ വീഴ്ച വരുത്തുകയോ വായ്പ നൽകുന്ന തുക ദുരുപയോഗം നടത്തുകയോ ചെയ്യുന്ന പക്ഷം, നഷ്ടപരിഹാരം രണ്ടാം കക്ഷിയിൽ നിന്നും ഈടാക്കുന്നതാണ്.

9.വായ്പ ഇനത്തിൽ നൽകിയ തുക ഗുണഭോക്താവ് തനത് ആവശ്യത്തിനാണോ വിനിയോഗിച്ചതെന്ന് രണ്ടാം കക്ഷി ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ സൂചനകൾ കക്ഷികൾ സമ്മതിച്ചിരിക്കുന്നു.

ഒന്നാം കക്ഷി രണ്ടാം കക്ഷി

| | |
|---|---|
| പേര്: | പേര്: |
| മാനേജിംഗ് ഡയറക്ടർ, | സെക്രട്ടറി |
| കെ.യു.ആർ.ഡി.എഫ്.സി. | ........................................ |
| | (ഗ്രാമപഞ്ചായത്ത്) |

സാക്ഷികൾ

1.

2.